**നിയമനിർമ്മാണകാര്യം**

(i) 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

(.....ബഹളം.....)

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. (.....ബഹളം.....)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

(.....ബഹളം.....)

മി. സ്പീക്കർ: ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല, ചർച്ചയില്ല.

(.....ബഹളം.....)

സർ, 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി, അങ്ങേയ്ക്ക് സെലക്ട് കമ്മിറ്റിയുടെ ഘടന വിശദീകരിക്കാവുന്നതാണ്. (.....ബഹളം.....)

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, സെലക്ട് കമ്മിറ്റിയുടെ ഘടന താഴെപ്പറയും പ്രകാരമാണ്.

1. ശ്രീ. വി. എസ്. സുനിൽ കുമാർ
2. ശ്രീ. ചിറ്റയം ഗോപകുമാർ
3. ഡോ. എൻ. ജയരാജ്
4. ശ്രീ. കെ. സി. ജോസഫ്
5. ശ്രീ. കെ. കുഞ്ഞിരാമൻ
6. ശ്രീ. മാത്യു ടി. തോമസ്

7. ശ്രീ. ഡി. കെ. മുരളി

8. ശ്രീ. മുരളി പെരുനെല്ലി

9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

10. ശ്രീ. കെ. രാജൻ

11. ശ്രീ. സജി ചെറിയാൻ

12. ശ്രീ. സി. കെ. ശശീന്ദ്രൻ

13. ശ്രീ. സണ്ണി ജോസഫ്

14. ശ്രീ. പി. ഉബൈദുള്ള

15. ശ്രീ. കെ. വി. വിജയദാസ്

ഇത് അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സെലക്ട് കമ്മിറ്റിയുടെ ഘടന സഭ അംഗീകരിച്ചിരിക്കുന്നു. അംഗങ്ങൾ ദയവായി സീറ്റിൽ ഇരിക്കണം. (.....ബഹളം.....) അപമാനകരമായ സാഹചര്യങ്ങളുണ്ടാക്കരുത്. ഇത് നിയമസഭയാണ്. പ്ലീസ്...പ്ലീസ്... (.....ബഹളം.....) സീറ്റിൽ ഇരിക്കൂ. (.....ബഹളം.....) നിയമസഭയാണെന്ന് മറക്കരുത്. (.....ബഹളം.....)

(ii) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(ചർച്ച അവസാനിപ്പിക്കുന്നതാണ്)

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ഭേദഗതികൾ അവതരിപ്പിക്കപ്പെട്ടില്ല.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

185. In the proviso to section 2(oe) proposed to be inserted in the principal Act by Clause 2, for the words "six months" the words "one year" shall be substituted.

രണ്ടാം വകുപ്പിൽ ഭേദഗതികളൊന്നും അവതരിപ്പിച്ചിട്ടില്ല. 185 മുതൽ 188 വരെയുള്ള ഭേദഗതികൾ ഒരുപോലെയുള്ളവയാണ്. അതുകൊണ്ട് ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ 185-ാം നമ്പർ ഭേദഗതി ഒഫിഷ്യൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല)

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി അവതരിപ്പിച്ച 185-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ

അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>മൂന്നാം വകുപ്പ്</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

<u>മി. സ്പീക്കർ</u>: മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല.)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കാമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വായന

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള സഹകരണ സംഘം (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.